LIBRARY ARCHIVES Kerala Legislative Assembly

വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം

10 [173] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
" കെ. എൻ. എ. ഖാദർ:
" ടി. പി. എം. സാഹിർ:
" ഇസ്ഹാക് കുരിക്കൾ:
" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002, 2003 വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ചിട്ടുള്ള വിദേശ ടൂറിസ്റ്റുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ സന്ദർശനംമൂലം സംസ്ഥാനത്തിനുണ്ടായ വരുമാനം കണക്കാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിൽ വർഷംതോറും പ്രതീക്ഷിക്കുന്ന വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002, 2003 വർഷങ്ങളിൽ കേരളം സന്ദർശിച്ച വിദേശ വിനോദ സഞ്ചാരികൾ യഥാക്രമം 232564, 294621 ആണെന്ന് കണക്കാക്കുന്നു.

(ബി ആന്റ് സി) വിദേശ വിനോദ സഞ്ചാരികളിൽ നിന്നും 2002, 2003 വർഷങ്ങളിൽ യഥാക്രമം 705.67 കോടി രൂപ, 983.37 കോടി രൂപ സംസ്ഥാനത്തിന് വരുമാനമുണ്ടായതായി കണക്കാക്കുന്നു.

(ഡി) വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനത്തിൽ വർഷം തോറും 10 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു.

കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം

11 [174] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം കൊട്ടാരത്തിന്റെയും അതു സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം കേരള സർക്കാരിനാണോ;

(ബി) അല്ലെങ്കിൽ ഈ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; എങ്കിൽ ആ സ്വകാര്യ കമ്പനി ഏതാണ്;